സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസം- ശ്രീ അജിത്ത് പ്രസാദ് എസ്, ഇലക്ട്രിക്കൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, പുനലൂർ, P M G യു പി സ്കൂൾ- വിദേശത്തു ജോലി ചെയ്യുന്നതിനായി- കെ എസ് ആർ ഭാഗം I അനുബന്ധം XII A പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (സി) വിഭാഗം

നം.DTETVM/8797/2024-EC1(EC) തീയതി 16-10-2024

---

വായന:- 1. 01.09.2024 ലെ ഈ ഓഫീസിലെ ഇതേ നമ്പർ നിയമന ഉത്തരവ്
2. 20.09.2024 ലെ പുനലൂർ, P M G യു പി സ്കൂൾ ഹെഡ്മിസ്ട്രസ്സിന്റെ കത്ത് നമ്പർ. 48/40444/24
3. 20.09.2024 തീയതിയിലെ ശ്രീ അജിത്ത് പ്രസാദ് എസ് സമർപ്പിച്ച അവധി അപേക്ഷ
4. 01.12.2012 ലെ G.O(P) No.656/2012/Fin.
5. 24.08.2017 ലെ G O (P) No.112/2017/ഫിൻ.
6. 05.11.2020 ലെ G O (P) No.152/2020/ഫിൻ
7. 30.12.2020 ലെ സർക്കുലർ നമ്പർ 83/2020/ഫിൻ

വായന (1) ലെ നിയമന ഉത്തരവ് പ്രകാരം, ശ്രീ അജിത്ത് പ്രസാദ് എസ്, ഇലക്ട്രിക്കൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ പുനലൂർ, P M G യു പി സ്കൂളിൽ പി.എസ്.സി നിയമനം മുഖേന 11.09.2024 പൂർവാഹ്നം പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിച്ചു. ശ്രീ അജിത്ത് പ്രസാദ് എസ് നു വിദേശത്തു ജോലി ചെയ്യുന്നതിനായി 23.09.2024 മുതൽ 23.09.2029 വരെ 5 വർഷത്തെ ശൂന്യവേതനാവധി **കേരള സർവ്വീസ് റൂൾസ് പാർട്ട് I Appendix XII A** പ്രകാരം അനുവദിക്കുന്നതിന് വായന (3) പ്രകാരം സമർപ്പിച്ച അവധി അപേക്ഷയും അനുബന്ധങ്ങളും ഹെഡ്മിസ്ട്രസ്സ് ശിപാർശ സഹിതം വായന (2) പ്രകാരം അയച്ചു തന്നിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, പുനലൂർ, P M G യു പി സ്കൂളിലെ ഇലക്ട്രിക്കൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ അജിത്ത് പ്രസാദ് എസ് നു, വിദേശത്തു ജോലി ചെയ്യുന്നതിനായി **കേരള സർവ്വീസ് റൂൾസ് പാർട്ട് I Appendix XII A** പ്രകാരം **23.09.2024 മുതൽ 23.09.2029 വരെ 5 വർഷത്തേക്ക്, ചുവടെ പറയുന്ന വ്യവസ്ഥയിൻമേൽ ശൂന്യവേതനാവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.**

1. ശൂന്യവേതനാവധി കാലയളവിൽ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും ടിയാൾക്ക് നഷ്ടമാകുന്നതാണ്. ശൂന്യവേതനാവധിയിൽ നിന്നും മടങ്ങി വരുമ്പോൾ ശ്രീ അജിത്ത് പ്രസാദ് എസ് നെ ഇലക്ട്രിക്കൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലെ പുതിയ സർവ്വീസ് പ്രവേശകനായി കണക്കാക്കുന്നതും ടി തസ്തികയിലെ പ്രൊബേഷൻ പുതുതായി ആരംഭിച്ച് പൂർത്തീകരിക്കേണ്ടതുമാണ്.
2. സർക്കാർ സർവ്വീസിലെ ടിയാളുടെ പ്രവേശന കേഡറായ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ വീണ്ടും ജോലിക്കു ചേരുന്നതിനുള്ള അവകാശം മാത്രമേ സംരക്ഷിക്കപ്പെടുകയുള്ളൂ.
3. ടി ഉത്തരവ് പ്രകാരം അനുവദിക്കുന്ന ശൂന്യവേതന അവധി 5 വർഷത്തേക്ക് മാത്രമായിരിക്കുന്നതാണ്.
4. ശൂന്യ വേതനാവധി അനുവദിച്ചുകൊണ്ടുള്ള ഈ ഉത്തരവ് വായന (6), (7) ലെ സർക്കാർ ഉത്തരവിന് വിധേയമായിരിക്കുന്നതാണ്.
5. ടി പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി കാലയളവ് അവസാനിച്ചയുടൻ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതും, അല്ലാത്ത പക്ഷം 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിച്ചതിന് ശേഷം സേവനം അവസാനിപ്പിക്കുന്നതുമാണ്.
6. ടി പ്രകാരം അനുവദിക്കപ്പെട്ട ശൂന്യവേതനാവധി റദ്ദ് ചെയ്തോ/ശൂന്യവേതനാവധി കാലഘട്ടം അവസാനിച്ചോ സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിനായി ചുരുങ്ങിയത് മൂന്ന് മാസത്തിന് മുൻപായി ഉചിത മാർഗ്ഗേന വകുപ്പ് മേധാവിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7. ടി വിവരങ്ങൾ ടിയാളിൻറെ "സ്പാർക്ക് / എംഐഎസ്" ഡേറ്റാ ബേസുകളിൽ യഥാവിധി അടയാളപ്പെടുത്തേണ്ടതാണ്.

SHALIJ P R

DIRECTOR

സ്വീകർത്താവ്

1. ഹെഡ്മിസ്ട്രസ്സ്, P M G യു പി സ്കൂൾ, പുനലൂർ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. ശ്രീ അജിത്ത് പ്രസാദ് എസ്, ഇലക്ട്രിക്കൽ വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, പുനലൂർ, P M G യു പി സ്കൂൾ (സ്ഥാപനമേധാവി മുഖേന )
3. സൂപ്രണ്ട്, ഇജി സെക്ഷൻ
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

Signed by
Shalij P R
Date: 16-10-2024 13:31:05